**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3344** **01-03-2023 - ൽ മറുപടിയ്ക്ക്**

**കൈവശമുള്ള ഭൂമിക്ക് പട്ടയം നൽകുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | എഴുപത് വർഷത്തിലേറെയായി കൈവശമുള്ള ഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല എന്ന തൃശ്ശൂർ ജില്ല ചാലക്കുടി താലൂക്ക് കുറ്റിച്ചിറ വില്ലേജ് വീരൻചിറ കള്ളിക്കാടൻ വീട്ടിൽ കെ.കെ.വേലായി ഉൾപ്പെടെയുള്ളവരുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രീ.കെ.കെ. വേലായി തുടങ്ങിയവർ കൈവശഭൂമിക്ക് വനഭൂമി പട്ടയം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ഇവരുടെ പൂർവ്വികർ 1970-ന് മുമ്പ് പട്ടയത്തിന് അപേക്ഷിച്ചിരുന്നതും ഇരിങ്ങാലക്കുട ലാന്റ് ട്രൈബ്യൂണലിൽ നിന്ന് ക്രയ സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുള്ളതും പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഇവരുടെ കൈവശത്തിൽ ഇരിങ്ങാലക്കുട ലാന്റ് ട്രിബ്യൂണൽ അനുവദിച്ചിട്ടുള്ള ക്രയസർട്ടിഫിക്കറ്റ് ഉണ്ടെങ്കിലും ആയത് ഇവർ കൈവശം വച്ച് വരുന്ന ഭൂമിയുടെ സർവ്വെ നമ്പർ, അടിസ്ഥാന സ്വഭാവം എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. |
| (സി) | സംയുക്ത പരിശോധന പൂർത്തീകരിച്ച് കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ ഇവർ ഉൾപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ; | (സി) | റവന്യൂ - വനം വകുപ്പ് മുൻകാലങ്ങളിൽ തയ്യാറാക്കിയ സംയുക്ത പരിശോധന റിപ്പോർട്ടിൽ ശ്രീ. വേലായി ഉൾപ്പെടെയുള്ള ചില കുടിയേറ്റക്കാർ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ഇവർ നിലവിൽ കേന്ദ്രാനുമതിക്കായി തയ്യാറാക്കിയ ലിസ്റ്റിൽ ചേർക്കപ്പെട്ടിട്ടില്ല. |
| (ഡി) | എഴുപത് വർഷത്തിലേറെയായി കൈവശമുള്ള ഭൂമിക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ; വ്യക്തമാക്കുമോ? | (ഡി) | തൃശ്ശൂർ ജില്ലാ കളക്ടറേറ്റിൽ നിയമാനുസൃതം സാധ്യമായ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ഇതു സംബന്ധിച്ച് സർക്കാരിൽ ശിപാർശ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ